തിരുവനന്തപുരം മെഡിക്കൽ കോളേജ്:

റേഡിയോഗ്രാഫർ	..	6
സ്റ്റാഫ് നഴ്സ്	..	2
അറ്റൻഡർ	..	3

തൃശ്ശൂർ മെഡിക്കൽ കോളേജ്:

റേഡിയോളജിസ്റ്റ്	..	9
റേഡിയോഗ്രാഫർ	..	5

കോഴിക്കോട് മെഡിക്കൽ കോളേജ്:

റേഡിയോ ഡയഗ്നോസിസ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർ തന്നെയാണ് സി.റ്റി. സ്കാനർ പ്രവർത്തിപ്പിക്കുന്നത്. മൂന്ന് റേഡിയോഗ്രാഫർമാരെ ദിവസ വേതനത്തിൽ നിയമിച്ചിട്ടുണ്ട്.

(ഡി)	റേഡിയോഗ്രാഫർ	..	ഡി.ആർ.റ്റി/സി.ആർ.എ.
	സ്റ്റാഫ് നഴ്സ്	..	ജനറൽ നഴ്സിംഗ് കോഴ്സ്
	അറ്റൻഡർ	..	ജനറൽ
	റേഡിയോളജിസ്റ്റ്	..	ഡി.എം.ആർ.റ്റി/എം.ഡി. റേഡിയോ ഡയഗ്നോസിസ്

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ സി.റ്റി. സ്കാനറിന്റെ വില 1.36 കോടി രൂപ. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സി.റ്റി. സ്കാനറിന്റെ വില 1.40 കോടി രൂപ. തൃശ്ശൂർ മെഡിക്കൽ കോളേജ്—1.1 കോടി രൂപ. കോഴിക്കോട് മെഡിക്കൽ കോളേജ് —1.65 കോടി രൂപ.

(എഫ്) നിലവിൽ ഈ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നവർ യോഗ്യതയും പ്രവൃത്തി പരിചയവും ഉള്ളവരാണ്.

സെൻട്രൽ പർച്ചേസ് കമ്മിറ്റി യഥാസമയം യോഗം ചേരാൻ നടപടി

127 [5272] ശ്രീ. ടി. കെ. ബാലൻ:
,, കെ. പി. സതീശ്ചന്ദ്രൻ:
,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലേക്ക് ആവശ്യമുള്ള മരുന്നുകൾ വാങ്ങുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പർച്ചേസ് പോളിസി നിലവിലുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള സെൻട്രൽ പർച്ചേസ് കമ്മിറ്റി യഥാസമയം കൂടുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഡി) സെൻട്രൽ പർച്ചേസ് കമ്മിറ്റി യഥാസമയം യോഗം ചേരാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സെൻട്രൽ പർച്ചേസ് കമ്മിറ്റിയാണ് മരുന്ന് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്.

(സി) യാതൊരുവിധ തടസ്സങ്ങളുമില്ല.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ചികിത്സയ്ക്കെത്തിയ രോഗികളുടെ സ്ഥിതിവിവരക്കണക്കുകൾ

128 [5273] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ ക്ലിനിക്കൽ വിഭാഗത്തിലും എത്തിയ രോഗികളുടെ എണ്ണം, രോഗത്തിന്റെ പേര്, സർക്കാർ/സ്വകാര്യ/സഹകരണ മേഖല തിരിച്ച് ജില്ലാതലത്തിലുള്ള വിവരം ലഭ്യമാക്കുമോ;

(ബി) മേൽ സംഗതികളിൽ ആയുർവേദം, ഹോമിയോ മേഖലകളെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ നൽകാമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഹെൽത്ത് സെന്ററുകളുടെ കീഴിൽ വരുന്ന സബ് സെന്ററുകൾക്ക് വൈദ്യുതി ചാർജ്ജ്

129 [5274] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഹെൽത്ത് സെന്ററുകളുടെ കീഴിൽവരുന്ന സബ് സെന്ററുകൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം എത്ര രൂപയാണ് അലോട്ടുമെന്റായി അനുവദിക്കുന്നത്; 2001-2002, 2002-2003 വർഷത്തിൽ എത്ര തുക മലപ്പുറം, കോഴിക്കോട് ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്;

(ബി) വൈദ്യുതി ചാർജ്ജ് ഭീമമായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ പരിമിതമായ അലോട്ട്മെന്റിന് പുറമേ വരുന്ന അധികബാദ്ധ്യത ജെ.പി.എച്ച്.എൻ.-മാർ തന്നെ വഹിക്കേണ്ടിവരുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള തുക അനുവദിക്കുന്നതിന് തയ്യാറാകുമോ; വൈദ്യുതി ബിൽ തുക ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും നൽകേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly